5083
9/3/18



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ച വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ കുടിശ്ശിക തുക ഒടുക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

വനം വന്യജീവി (ബി) വകുപ്പ്

**G.O.(Rt)No. 114/2018/F&WLD** തീയതി,തിരുവനന്തപുരം, 08/03/2018

പരാമർശം:- 1)മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. , മാനേജിംഗ് ഡയറക്ടറുടെ04.10.2017-ലെ HNL/MD നമ്പർ കത്ത്.
2 ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 25.11.2017-ലെ പ്രൊ(4)-16198/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് കമ്പനിയുടെ നിലനിൽപ്പിനായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ച വനവിഭവങ്ങളുടെ പണം അടയ്ക്കുന്നതിന് ആറ് മാസത്തെയെങ്കിലും സാവകാശം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം , ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) നിലവിൽ കേരളത്തിലെ മികച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്നു എന്നതും പരിഗണിച്ച് ഉത്പാദന ചെലവിനേക്കാൾ വളരെ താഴ്ന്ന വിലയ്ക്കാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതെന്നും ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിനുള്ള കുറഞ്ഞ നിരക്കിലുള്ള തുക ഒടുക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകണം എന്ന ആവശ്യം പരിഗണനാർഹമല്ല എന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തും

മികച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്നു എന്നുള്ളതും പരിഗണിച്ച് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കുടിശ്ശിക അടയ്ക്കുന്നതിന് 31.03.2018 വരെ സാവകാശം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
DEPUTY SECRETARY

മാനേജിംഗ് ഡയറക്ടർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ന്യൂസ് പ്രിന്റ് നഗർ - 686 616, കോട്ടയം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (യൂ.ഒ നം.അഗ്രി-എ1/1/2018-ധന തീയതി 09.02.2018 പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ